ണം. നേരിട്ടുള്ള നിയമനങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള സംവരണ തത്വം പാലിക്കേണ്ടതാണ്.

വ്യവസായ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ

30 (2827)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വായ്പ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുന്ന എത്ര ചെറുകിട വ്യവസായ സംരംഭകർ 31.3.'99 വരെ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഏതുവിധത്തിലുള്ള ആശ്വാസം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) ഗവൺമെന്റിൽ നിന്ന് ചെറുകിട വ്യവസായ സംരംഭകർ എടുത്തിട്ടുള്ള വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കുകയും പലിശ മാത്രം ബാക്കിയാവുകയും ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പലിശ ഇളവുചെയ്ത് ഇവരെ കടത്തിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)&(സി) പൊതുവായ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പലിശ ഇളവുചെയ്യണമെന്ന അപേക്ഷകൾ സർക്കാരിനു ലഭിക്കാറുണ്ട്. ഇതി പരിശോധിച്ച് ഇളവ് അനുവദിക്കേണ്ടത് ആവശ്യമാണ് എന്നു ബോദ്ധ്യമാകുന്ന കേസ്സുകളിൽ മാത്രം സർക്കാർ ഇളവനുദിക്കാറുണ്ട്.

ടി.സി.സി.യുടെ ഉടമസ്ഥതയിലുള്ള ഭൂമി

31 (2828)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂർ ടി.സി.സി. യുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏതെങ്കിലും വൈദ്യുതി പ്രോജക്ടിനുവേണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയത്;

(ബി എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമിനൽകിയിട്ടുള്ളത്;

(സി) ഈ പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ നിന്നും കുറഞ്ഞ നിരക്കിൽ ടി.സി.സി.യ്ക്ക് വൈദ്യുതി ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഈ പ്രോജക്ടിലെ ഗവൺമെന്റ് പങ്കാളിത്തം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പനിവക ഭൂമി പ്രോജക്ടിന് നൽകിയതുമൂലം ടി.സി.സി.യ്ക്ക് ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly